**E 2354** (Pages : 3) Reg. No.................................

Name.....................................

# B.A. (MODEL II) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2015

**First Semester**

Additional Language—Malayalam

## കഥ, കവിത, നാടകം

(2013 Admission onwards)

Time : Three Hours Maximum 80 Marks

### എ വിഭാഗം

എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1. സ്വാപർണിക എന്ന നാടകത്തിന്റെ രചയിതാവ്.
2. കലശം ആരുടെ കഥയാണ് ?
3. ആയുസ്സിന്റെ പുസ്തകം എന്ന നോവൽ എഴുതിയത് ആരാണ് ?
4. തട്ടകം ആരുടെ നോവലാണ് ?
5. എൻ. എൻ. കക്കാടിന്റെ യഥാർത്ഥ നാമം.
6. "ഒരോ നിറം കൊണ്ടു നേരമളന്നും
   ഒരോ രവം കൊണ്ടു രൂപമറിഞ്ഞും"
   —ആരുടെ വരികൾ ?
7. എൻഡോസൾഫാൻ ദുരന്തത്തെ പ്രമേയമായി സ്വീകരിച്ച മലയാള നോവൽ.
8. ആത്മകഥയ്ക്കൊരാമുഖം ആരുടെ ആത്മകഥയാണ് ?
9. ഒ.എൻ.വി.ക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വർഷം.
10. പായസം ആരുടെ കഥയാണ് ?

(10 × 1 = 10)

### ബി വിഭാഗം

എട്ടു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. 'ജന്മിത്വം തകർക്കണം' എന്ന് ഉറച്ചു വിളിച്ചിരുന്ന നേതാവിന്റെ തൊണ്ടയിടറിയത് എന്തുകൊണ്ട് ?
12. ഒരു പിടി പണം വാരി മടിയിലിട്ട് ഒരുമിച്ചിറങ്ങിയവരുടെ ആശങ്കകളെന്തെല്ലാം ?
13. "ഓർമകളുണ്ടായിരിക്കണം അല്ലെങ്കി-
    ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞു നാം"
    —ആശയമെന്ത് ?

Turn over

14. "ഒടുവിൽ നാമെത്തിയീ ജന്മശൈലത്തിന്റെ

കൊടുമുടിയിലിവിടാരുമില്ലേ"

—സന്ദർഭമെഴുതുക.

15. "മായുന്ന സന്ധ്യകൾ മടങ്ങി വരുമോ-പാടി

മറയുന്ന പക്ഷികൾ മടങ്ങി വരുമോ"

—വിശദമാക്കുക.

16. മാധവൻ അയ്യപ്പത്തിന്റെ കാവ്യരീതി വിവരിക്കുക.

17. ജന്മദിനത്തിലെ തൊഴിലാളി നേതാവിന്റെ ജീവിതം വിശദീകരിക്കുക.

18. ഒരു കാലത്തിന്റെ രാഷ്ട്രീയ ചരിത്രമാണ് മനുഷ്യപുത്രി എന്ന കഥ—വിവരിക്കുക.

19. ഗ്രേസിയുടെ കഥാസമാഹാരങ്ങൾ പരിചയപ്പെടുത്തുക.

20. നരേന്ദ്രപ്രസാദിന്റെ നാടകങ്ങളെ പരിചയപ്പെടുത്തുക.

21. തച്ചന്റെ മകൾ എന്ന കവിത നൽകുന്ന പാഠമെന്ത് ?

22. 'ക്ലാസിൽ' എന്ന കവിത പരിചയപ്പെടുത്തുക.

(8 × 2 = 16)

## സി വിഭാഗം

ഒരു പുറത്തിൽ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. കോവിലന്റെ രചനാശൈലിയുടെ സവിശേഷതകൾ വിവരിക്കുക.

24. മോക്ഷം എന്ന കഥയിലെ മാധ്യമവിമർശം വിശദീകരിക്കുക.

25. മനുഷ്യൻ സ്വയം പരസ്യമാകുന്ന വിചിത്രമായ കാഴ്ചയാണ് ടെലിവിഷൻ പരസ്യങ്ങൾ എന്ന കഥയിലൂടെ തെളിഞ്ഞു വരുന്നത്—വിശദമാക്കുക.

26. കാല്പനിക പ്രസ്ഥാനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

27. "അറിവായ വൃക്ഷത്തിന്റെ

അടിവേരുകൾ പൊട്ടുന്നു

ബോധിത്തണൽ എനിയ്ക്ക്

വെയിലായ് തീരുന്നു"

—വിശദമാക്കുക.

28. മനുഷ്യപുത്രി ഒരു രാഷ്ട്രീയ രചനയാണോ ? പരിശോധിക്കുക.

29. സൗപർണിക എന്ന നാടകത്തിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

30. 'ടെലിവിഷൻ പരസ്യങ്ങൾ'— കുറിപ്പെഴുതുക.

31. "വിസ്മയിപ്പിക്കുമർദ്ധ മന്ദസ്മിതം

മാത്രമാണു ജ്യേഷ്ഠനതിനുത്തരം"

—സന്ദർഭം എഴുതുക.

(6 × 4 = 24)

## ഡി വിഭാഗം

32. സൗപർണിക എന്ന നാടകത്തിന്റെ ആഖ്യാന സിശേഷതകൾ ഉദാഹരണസഹിതം എഴുതുക.

**അല്ലെങ്കിൽ**

33. മാധവൻ അയ്യപ്പത്ത്, എ. അയ്യപ്പൻ എന്നിവരുടെ കാവ്യബിംബങ്ങൾ പരിചയപ്പെടുത്തുക.

34. 'ജീവിത സന്ദർഭത്തിന്റെ ഹൃദയസ്പർശിയായ അവതരണമാണ് വൈശാഖന്റെ കഥകൾ'—അഭിപ്രായം എഴുതുക.

**അല്ലെങ്കിൽ**

35. 'കവിതയെ വിശ്വമാനവികതയിലേക്ക് ഉയർത്തുന്ന രചനാതന്ത്രമാണ് ഒ.എൻ.വി. സ്വീകരിക്കുന്നത്'—വിശദമാക്കുക.

(2 × 15 = 30)